തോട്ടങ്ങളിലെ ഗുണ്ടായിസം.

*742. [34] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവള്ളി, മെർച്ചിൻസ്റ്റൺ, തുടങ്ങിയ വെള്ളക്കാരുടേയും, ഇൻഡ്യൻ കുത്തകമുതലാളിമാരുടേയും തോട്ടങ്ങളിൽ തൊഴിലാളികളെ മാനേജ്മെൻറിന്റെ ഗുണ്ടാകൾ വെടിവച്ചതായി ഈ ഗവണ്മെൻറിനറിയാമോ ;

(ബി) ലൈസൻസുള്ള തോക്കുകളുമായി നടന്നു മനുഷ്യരെ വെടിവയ്ക്കുന്നവരുടെ ലൈസൻസ് ക്യാൻസൽ ചെയ്യാനും, അവരുടെ തോക്കുകൾ തിരികെ വാങ്ങാനും ഗവണ്മെൻറ് നടപടി എടുത്തിട്ടുണ്ടോ ;

(സി) ഗുണ്ടാകളെ അറസ്റ്റു ചെയ്തിട്ടുണ്ടോ;

(ഡി) കാൺഗ്രസ്സിനു കീഴേ വിളിച്ചുകൊണ്ടാണ് ഈ ഗുണ്ടാകൾ വെടിവച്ചതെന്നു റിപ്പോർട്ടു ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ആഭ്യന്തരകായ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഒരു എസ്റ്റേറ്റിലും ഗുണ്ടാകൾ വെടിവച്ചതായി അറിവില്ല.

(ബി) ലൈസൻസ് നൽകുന്നതു സംബന്ധിച്ചുള്ള വ്യവസ്ഥകളെന്തെങ്കിലും ലംഘിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടാൽ ലൈസൻസ് ക്യാൻസൽ ചെയ്യുവാനുള്ള നടപടികളെടുക്കുന്നതാണ്.

(സി) ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. വെടിവച്ചവരെ അറസ്റ്റു ചെയ്തിട്ടുണ്ട്. അവർ ഇപ്പോൾ ജാമ്യത്തിൽ നിൽക്കുകയാണ്.

(ഡി) ഇല്ല.

മലയാളം റിപ്പോർട്ടർമാർ.

*743. [38] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയഗവണ്മെൻറ് അധികാരത്തിലായതിനുശേഷം, മലയാളം റിപ്പോർട്ടർമാരെ ഗവണ്മെൻറ് സർവീസിൽ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപ്രകാരം നിയമിതരായിട്ടുള്ളവരുടെ ആകെ എണ്ണമെത്ര;

(സി) അവർ ഏതെല്ലാം ഡിപ്പാർട്ട്മെൻറുകളിലാണ് നിയമിതരായിട്ടുള്ളത്;

(ഡി) ഇപ്പോൾ ഗവണ്മെൻറ് സർവീസിലുള്ള മലയാളം റിപ്പോർട്ടർമാരുടെ ആകെ എണ്ണം എത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.
(ബി) 7 (ഏഴ്).
(സി) പോലീസ് ഡിപ്പാർട്ടുമെൻറ്.
(ഡി) 15.

LIBRARY ARCHIVES Kerala Legislative Assembly